പരാതികൾക്ക് രസീത് നൽകുന്നതിന് സംവിധാനം

13 [23] *ശ്രീ. എ. സുജനപാൽ:*

,, പി. ടി. തോമസ്:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരൻമാർ ഗവൺമെന്റിനും ഗവൺമെന്റ് വകുപ്പുകൾക്കും നൽകുന്ന പരാതികൾക്ക് രസീത് കൊടുക്കണമെന്ന് ഉത്തരവായിട്ടുണ്ടോ;

(ബി) അതനുസരിച്ച് രസീത് കൊടുക്കുവാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്;

(സി) പരാതി നൽകുന്നവർക്ക് ഇപ്പോൾ രസീത് കൊടുക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പൊതുജനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്ന് കാലാകാലങ്ങളിൽ വിവിധ സർക്കുലറുകൾപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 4-6-2005-ലെ 7068/എ.ആർ.13(2)/05/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം കൈപ്പറ്റ് രസീതിന്റെ മാതൃകയും കൈപ്പറ്റ് രസീത് നൽകണമെന്ന ഉത്തരവിന്റെ ഉള്ളടക്കം ബോർഡിൽ എഴുതി പ്രദർശിപ്പിക്കേണ്ടതിന്റെ മാതൃകയും ബോർഡിന്റെ വലിപ്പവും നിശ്ചയിച്ചു കൊണ്ട് വിശദമായ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

ആൾ ഇന്ത്യാ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥരുടെ അലവൻസുകൾ

14 [25] *ശ്രീ. വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആൾ ഇന്ത്യാ സർവ്വീസിൽപ്പെട്ട എത്ര ഉദ്യോഗസ്ഥന്മാരുണ്ട്; ഇവർക്കുവേണ്ടി ശമ്പളം, അലവൻസ്, ടി.എ., ഡി.എ., മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ പ്രതിമാസം എന്തു വെച്ചാണുവരും എന്നറിയിക്കാമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം, അലവൻസ്, ടി.എ., ഡി.എ., മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, മറ്റ് ചെലവുകൾ എന്നിവയുടെ എത്ര ശതമാനം വരും;

(സി) സർക്കാർ ജീവനക്കാരുടെ ശമ്പളം, അലവൻസ്, ടി.എ., ഡി.എ., മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, മറ്റ് ചെലവുകൾ എന്നിവ പ്രതിമാസം എത്രയാണ്; ഈ വിഭാഗത്തിന്റെ ആകെ എണ്ണം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നീ മൂന്ന് ആൾ ഇന്ത്യാ സർവ്വീസുകളിലായി ഇപ്പോൾ 290 പേർ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ ശമ്പളം, അലവൻസുകൾ, മറ്റു ചെലവുകൾ എന്നിവ സംബന്ധിച്ച് ചെലവുവരുന്ന തുകയുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ സ്റ്റാഫ്

15 [26] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് പുനഃസംഘടിപ്പിച്ചത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്ലാനിംഗ് ബോർഡിലെ മെമ്പർമാരുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ സ്റ്റാഫിലെ ഓരോരുത്തരുടെയും തസ്തിക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ ഔദ്യോഗിക വസതിയുടെ വാടക, ശമ്പളം, വിവിധ അലവൻസ് എന്നിവ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly